compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

കേരള ഗസറ്റ്

KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 30

Tuesday, 30th December 2025

1201 ധനു 15

15th Dhanu 1201

1947 പൌഷം 9

9th Pousha 1947

വാല്യം 14

Vol. XIV

നമ്പർ
No. } **52**

Part III

Local Self Government Department

©

കേരള സർക്കാർ

GOVERNMENT OF KERALA

2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RDSS-2405/22 27/12/2025

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം

വിജ്ഞാപനം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷൻ പഴയ മുനിസിപ്പൽ പ്രദേശത്ത് വൈദ്യുതി പ്രസരണ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വോൾട്ടേജ് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ആർ.ഡി.എസ്.എസ്.പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ലാലൂരിൽ പുതിയ ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിൻെറ ഭാഗമായി പാലിശേരി വില്ലേജിലൂടെ നിലവിൽ കടന്നുപോകുന്ന മാടക്കത്തറ-വലപ്പാട് 110.കെ.വി.ലൈനിൽ നിന്നും അരണാട്ടുകര വില്ലേജിൽ വരുന്ന ലാലൂർ 110.കെ.വി.സബ്സ്റ്റേഷൻ വരെ 7.8 കിലോമീറ്റർ നീളത്തിൽ ഒരു 110 കെ.വി.ഡബിൾ സർക്യൂട്ട് ലൈൻ നിർമിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന് അനുമതി ലഭിച്ചിട്ടുളളതാണ്.

38.5 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 2026 അവസാന പാദത്തിൽ കമ്മീഷൻ ചെയ്യുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 110.കെ.വി.ലൈൻ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി തൃശ്ശൂർ താലൂക്കിൽ ഉൾപെട്ട പാലിശ്ശേരി, കണിമംഗലം, എന്നീ വില്ലേജുകളിലെ കോൾപാടങ്ങളിലൂടെയും അരണാട്ടുകര വില്ലേജിലെ കരഭൂമിയിലൂടെയും തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും ഉപയോഗിച്ച് സർവ്വേ നടത്തുന്നതിനും ലൈനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും ഉദ്യോഗസ്ഥരും അവർ ഏൽപ്പിക്കുന്ന പ്രതിനിധികളും നിയമാനുസൃത കൃത്യനിർവഹണത്തിനായി ആവശ്യമായ ഏതു സമയത്തും പ്രവേശിക്കുന്നതാണെന്നുള്ള വിവരം ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റ് 2003 ൻെറ 42, 43, 67, 68, 164, 185(2) (എ & ബി) വകുപ്പുകൾ പ്രകാരവും, ടെലികമ്മ്യൂണിക്കേഷൻ ആക്റ്റ് 2023 ചാപ്റ്റർ 11(3), വർക്ക് ഓഫ് ലൈസൻസീസ് റൂൾ 2006 പ്രകാരവും ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

എൻ.കെ.കൃഷ്ണകുമാർ
അസിസ്റ്റന്റ് സെക്രട്ടറി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.30 04:15:15 +05:30